Adjournment Motions

മിസ്റ്റർ. സ്പീക്കർ: ചോദ്യോത്തരത്തിനുള്ള സമയം കഴിഞ്ഞു.

എഫ്. എ. സി. ടി–യിലെ പണിമുടക്കിനെപ്പറ്റി ഒരടിയന്തിരപ്രമേയം കിട്ടിയിട്ടുണ്ട്. ഇതുസംബന്ധിച്ചു് ഇന്നലെ ഒന്നരയ്ക്കു് അഡ്ജോൺമെൻറ് മോക്ഷൻസ് ഉണ്ടായിരുന്നു. ആ വിഷയവുമായി ബന്ധപ്പെട്ട മിനിസ്റ്റരുടെ പ്രസ്താവനയുടേയും ഇതിനു് മുൻപൊരവസരത്തിൽ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ചെയ്ത പ്രസ്താവനയുടേയും അടിസ്ഥാനത്തിൽ ചില അറസ്റ്റുകൾ നടന്നതിനെ ആസ്പദമാക്കി മാത്രമാണു് അടിയന്തിരപ്രമേയങ്ങൾ എന്നു കണ്ടു് അവ പയ്യാലോചനയ്ക്കെടുത്തില്ല. എന്നാൽ ഇന്നു യഥാർത്ഥത്തിൽ സ്ഥൈക്കുണ്ടായിരിക്കുന്നുവെന്നു അറിയുന്നു. ഇതിനെപ്പറ്റി ബഹുമാനപ്പെട്ട മിനിസ്റ്റർക്കു് പറയുവാനുള്ളതു് പറയാം.

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) : ഇന്നലെ രാവിലെ എട്ടുമണിക്കു സൈ്തൈക്കു് ആരംഭിച്ചു എന്നുള്ളതു് വാസ്തവമാണു്. ഈ സ്തൈക്കു് illegal ആണെന്നു് പ്രഖ്യാപനം ചെയ്തിട്ടുണ്ടു്. ഇങ്ങനെ ഇതൊരു നിയമവിരുദ്ധമായ സ്തൈക്കാണെന്നു് പ്രഖ്യാപനം ചെയ്യാനിടയാക്കിയ കാരണങ്ങളെപ്പറ്റി ഈ നിയമസഭയുടെ ഒരു യോഗത്തിൽവച്ചു തന്നെ വിശദമായി വിസ്തരിച്ചു പറഞ്ഞിട്ടുണ്ടു്. ഈ സ്തൈക്കു് തന്നെ പൂർണ്ണമായ ഒരു സ്തൈക്കല്ല എന്നാണു് ഗവൺമെണ്ടിനു് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്. ഇന്നു് തൊഴിലാളികൾ ആവശ്യപ്പെടുന്ന നിയമങ്ങൾ തന്നെ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ award കൾക്കു് വിധേയമാണു്. അങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചു് തൊഴിലാളികൾ സ്തൈക്കു് ചെയ്യുന്നതിനൊ ഉടമസ്ഥന്മാർക്കു് ഫാക്ടറി ലാക്കു് ഔട്ടു് ചെയ്യുന്നതിനൊ അവകാശമില്ല. അങ്ങനെ ചെയ്യുന്നതായാൽ അതു് illegal ആയിരിക്കുമെന്നു് നിയമങ്ങളിൽതന്നെ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ അവാർഡ് സമീപകാലത്തുതന്നെ പ്രസിദ്ധപ്പെടുത്തുന്നതാണു്. ഈ വിവരങ്ങളെല്ലാം കാണിച്ചു ഗവൺമെണ്ടു് ഒരു പ്രസ്നോട്ടു് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഈ വക കാര്യങ്ങളിൽ തൊഴിലാളികളുടെ ന്യായമായ അവകാശങ്ങളെ പരിഹരിക്കുന്നതിനു് നിയമവിധേയമായ മാർഗ്ഗങ്ങൾ ഉള്ള സ്ഥിതിക്കു് ആ മാർഗ്ഗങ്ങൾ കൈക്കൊള്ളണമെന്നുമാത്രമാണു് എനിക്കു ഇതിനെക്കുറിച്ചു് ഈ അവസരത്തിൽ പ്രസ്താവിക്കാനുള്ളതു്.

ശ്രീ. എ. കെ. പാച്ചുപിള്ള : എത്ര തൊഴിലാളികൾ ജോലിക്കു പോയിട്ടില്ല എന്നറിയാമോ?

ശ്രീ. ടി. കെ. നാരായണ പിള്ള: അറിയാം.

ശ്രീ. എ. കെ. പാച്ചുപിള്ള : ആയിരത്തിൽ കൂടുതൽ തൊഴിലാളികൾ ജോലിക്കു പോയിട്ടില്ല എന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : രണ്ടായിരത്തിലധികം തൊഴിലാളികൾ ഉള്ളതിൽ ഒരു പക്ഷെ ആയിരം പേർ ജോലിക്കു് പോയിട്ടില്ലായിരിക്കാം.

ശ്രീ. കെ. കെ. കണ്ണൻ : സമാധാനം സ്ഥാപിക്കാൻ എന്തെങ്കിലും ശ്രമം നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : നിയമ സമാധാനങ്ങൾ പാലിക്കുന്നതിനു് വേണ്ട ഏർപ്പാടു് ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. കണ്ണൻ. ലാത്തിയും തോക്കുമുപയോഗിച്ചാണോ സമാധാനം പാലിക്കുവാൻ ശ്രമിക്കുന്നത്?

Mr. Speaker: No discussion will be allowed at this stage.

ശ്രീ. വി. ഗംഗാധരൻ: സർ, ഇതിനെ സംബന്ധിച്ച് ഒരു ചെറിയ പ്രസ്താവനചെയ്യാൻ അനുവദിക്കാമോ?

Mr. Speaker: What does the proposed statement relate to?

ശ്രീ. വി. ഗംഗാധരൻ: സാങ്കേതികമായ കാരണങ്ങളാലായാലും ശരി, മറേറതെങ്കിലും കാരണങ്ങളാലായാലും ശരി, സ്ട്രൈക്ക് ഒരു വസ്തുതയായിരിക്കുന്ന സ്ഥിതിക്ക് അതു് അവസാനിപ്പിക്കാൻ ഗവൺമെണ്ടു് തയാറാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഏതു മാസങ്ങൾക്കു മുൻപു മുതൽ ഗവൺമെണ്ടു് അതിനു് സന്നദ്ധമാണു്. ഇന്നും സന്നദ്ധമാണു്. നാളേയും സന്നദ്ധമാണു്.

ശ്രീ. വി. ഗംഗാധരൻ: ഇങ്ങനെ സ്ട്രൈക്ക് ഒരു വസ്തുതയായിരിക്കെ അതിലെ നേതാക്കന്മാരെ ജയിലിലടച്ചിട്ടു് ഇതിനു ഒരു പരിഹാരം ഉണ്ടാക്കാക്കാമെന്നു് ഗവൺമെണ്ടു് വിചാരിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിലെ നേതാക്കന്മാരിൽ പലരും ഇപ്പോൾ വെളിയിൽ നിൽക്കുകയാണു്.

ശ്രീ. ഇട്ടിയര അംബുക്കൻ: നിയമവിരുദ്ധമാണു് ഈ സ്ട്രൈക്ക് എന്നു് പറഞ്ഞ സ്ഥിതിക്കു് അതിനെ പ്രോത്സാഹിപ്പിക്കുന്നതു് ശരിയാണോ?

Mr. Speaker: The legality or otherwise of the strike is a matter for legal opinion.

ശ്രീ. വി. ഗംഗാധരൻ: സർ, ഇക്കാര്യം ഒരു സ്പെസിഫിക്ക് മാറ്ററായി സഭയിൽ ഡിസ്ക്സ് ചെയ്തിട്ടില്ല. ജനറലായി മാത്രമേ ഡിസ്ക്സ് ചെയ്തിട്ടുള്ളു. ഇതു തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ മാത്രമല്ല, ഇൻഡ്യയെ മുഴുവൻ ബാധിക്കുന്ന ഒരു സംഗതിയാണു്. വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണു്. അതുകൊണ്ടാണു് ഞാൻ ഇതു ഇവിടെ ഡിസ്ക്സ് ചെയ്യണമെന്നു് പറയുന്നതു്.

Mr. Speaker: The importance of the matter involved is, no doubt, one of the factors that will be considered in deciding upon the admissibility of the motion.

ശ്രീ. കെ. കെ. കണ്ണൻ: അടുത്ത കാലത്തു് മാനേജുമെൻറും തൊഴിലാളികളും തമ്മിൽ ഏതെങ്കിലും ഒത്തു തീർപ്പിൽ എത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

മിസ്റ്റർ സ്പീക്കർ: ഇതു നിയമ വിരുദ്ധമായ ഒരു സ്ട്രൈക്കാണെന്നു് മിനിസ്റ്റർ അഭിപ്രായപ്പെട്ടതു്. സ്ട്രൈക്കു നിയമവിരുദ്ധമാണോ അല്ലയോ എന്നുള്ള വിഷയത്തെപ്പറ്റി ഈ സഭയ്ക്കു് വാദപ്രതിവാദം ചെയ്യാമെന്നു തോന്നുന്നില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇതു് നിയമപരമായ ഒന്നാണോ അതല്ല നിയമവിരുദ്ധമായ ഒന്നാണോ എന്നല്ല, ഇവിടത്തെ പ്രശ്നം. ഇങ്ങനെയൊരു സംഭവമുണ്ടായിട്ടുണ്ടോ, അതു് പ്രാധാന്യമുള്ള ഒന്നാണോ എന്നാണു നോക്കേണ്ടതു്. വളരെ പ്രാധാന്യമുള്ള ഒരു സംഭവം നടന്നുകൊണ്ടിരിക്കുകയാണു്. ഇതു ജനങ്ങളെ മുഴുവൻ ബാധിക്കുന്ന ഒന്നാണു്. ഇങ്ങനെ ഒരു അവസ്ഥ സം

LIBRARY ARCHIVES Kerala Legislative Assembly

ജാതമായ സ്ഥിതിക്കു് അതിനെക്കുറിച്ചു നമുക്കു് വാദപ്രതിവാദം ചെയ്യാമോ എന്നാണു് നാം നോക്കേണ്ടതു്. അതിനാൽ ഇതിനെപ്പറ്റി ഡിസ്കസ് ചെയ്യു് ഒരു തീരുമാനമെടുക്കണമെന്നാണു് എനിക്കു് സഭയെ അറിയിക്കുവാനുള്ളതു്.

Sri. A. Thanu Pillai: Sir, I may be permitted to make my humble submission in this matter. The matter for discussion is not, I submit, the legality or otherwise of the strike. There is a strike in the FACT which is all important, and that is a factory which is now engaged in the production of essential commodities we know. The strike is there and now a situation has been created. It is not for this House to pronounce upon the legality or otherwise. That is not what is sought to be discussed. It is the situation resulting from that, the importance of which nobody can deny. Probably the attendant circumstances may come in incidentally for discussion and it will be for you at the proper time to allow or disallow discussion on such matters. It is that aspect I wish to bring clearly to your notice. Therefore my view is that this is a fit matter for discussion. And after all what does the Minister say? He says it is an illegal strike. Are you to take it merely because he mentions it as illegal it should be so treated. Even if it is so, discussion could not be shut out. The strike is there which is a fact and the situation resulting from that can very well be discussed.

മി. സ്പീക്കർ : ഇതിനെക്കുറിച്ചു മിനിസ്റ്ററുടെ പ്രസ്താവനയും ശ്രീ. തണുപിള്ളയുടെ അഭിപ്രായവും കേട്ടതിൽ ഒരു നിയമവിരുദ്ധമായ സ്ട്രൈക്കാണെങ്കിൽ തന്നെയും, സ്ട്രൈക്കിന്റെ ന്യായാന്യായങ്ങളെ പരിഗണിക്കാതെതന്നെ അതിനുള്ള കാരണത്തെപ്പറ്റിയും മറ്റും ഇവിടെ ഡിസ്കസ് ചെയ്തതുകൊണ്ടു തെറ്റില്ലെന്നും, വാദപ്രതിവാദത്തിനെടുക്കണമെന്നുമാണു് തോന്നുന്നതു്.

The text of the motion is

"....to discuss a definite matter of public importance, namely the situation created as a result of the strike started in the FACT Alwaye from yesterday onwards."

Has the member the leave of the House to move the adjournment motion?

[There was no opposition].

Since no objection is raised the matter is posted for discussion at 4 p.m. tomorrow.

LEGISLATIVE BUSINESS

The Travancore-Cochin Hindu Religious Institutions Act (Amendment) Bill

Chief Minister (**Sri. T. K. Narayana Pillai**): Sir, I move that the Travancore-Cochin Hindu Religious Institutions Act (Amendment) Bill be taken up for consider-ation.

Minister for finance and Revenue (**Sri. A. J. John**): I second it.

ശ്രീ. ടി. കെ. നാരായണപിള്ള : ഈ ബില്ലിൽ രണ്ടുരണ്ടു ഭേദഗതികളാണു് പ്രധാനമായി ചേർത്തിട്ടുള്ളതു്. ഭാഷാ സംബന്ധമായ ചില വൈകല്യങ്ങളും ഉണ്ടായിരുന്നതുകൊണ്ടു് ആ വൈകല്യങ്ങളെ നീക്കുന്നതിനായി ഷെഡ്യൂൾ രണ്ടിൽ വ്യത്യാസപ്പെടുത്തിയിട്ടുണ്ടു്. ഒന്നാമതു് സ്ഥാനാർത്ഥിയായി തെരഞ്ഞെടുക്കപ്പെടണമെന്നാഗ്രഹിക്കുന്ന ഒരാൾ നോമിനേഷൻ പേപ്പറിൽ ഒപ്പിട്ടിരിക്കണം എന്നൊരു പുതിയ വ്യവസ്ഥ ഈ നിയമത്തിൽ

LIBRARY ARCHIVES Kerala Legislative Assembly